(Tender Excess) 25% ൽ താഴെ ആയതിനാൽ ഇക്കാര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് തീരുമാനം എടുത്തത്.

(ഡി) 23.10.1998 നാണ് പണിയുടെ എഗ്രിമെന്റ് വച്ചത്. ആകെയുള്ള 28 ഷട്ടറുകളിൽ 8 ഷട്ടറുകളുടെ മാറ്റിസ്ഥാപിക്കൽ 10.12.98 ന് മുമ്പായൂർ ബാക്കിയുള്ള 20 ഷട്ടറുകളുടെ മാറ്റി സ്ഥാപിക്കൽ ഓർഡർ ലഭിച്ച് 6 മാസത്തനുള്ളിലും പൂർത്തീകരിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്.

(ഇ) 1,49,37,164/ രൂപ.

(എഫ്) ഇത് സംബന്ധിച്ച് കർഷക സംരക്ഷണ വേദി നൽകിയ ഒരു പരാതി വിജിലൻസ് വകുപ്പിനു കിട്ടിയിരുന്നു. വിജിലൻസ് വകുപ്പു അന്വേഷണത്തിനും ഉചിതമായ നടപടിക്കുമായി ജലസേചനവകുപ്പിൽ അയച്ചുതരികയുണ്ടായി. പ്രസ്തുത പരാതിയിലെ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനു ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ ചീഫ് ടെക്നിക്കൽ എക്സാമിനറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

62 (2753) കേരള വാട്ടർ അതോറിറ്റിയിൽ കരാറടിസ്ഥാനത്തിൽ ചെയ്യിക്കുന്ന പണികൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ കരാറാടിസ്ഥാനത്തിൽ പണികൾ ചെയ്യിക്കുന്നത് പി.ഡബ്ല്യു.ഡി മാനുവലും കോഡുകളും അനുസരിച്ച് ആണോ;

(ബി) എങ്കിൽ ചട്ടങ്ങൾക്കു വിരുദ്ധമായും നിയമവിരുദ്ധമായും ഇതു സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ വാട്ടർ അതോറിറ്റിയിൽ നിലവിൽ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ചട്ട വിരുദ്ധമായ നിബന്ധനകൾ കാരണം ഈ സ്ഥാപനത്തിലെ പണികൾ സ്തംഭിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അതെ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

63 (2754) റിഗ്ഗുകൾ വാങ്ങുന്നതിന് ടെൻഡർ

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഭൂഗർഭ ജലവകുപ്പിൽ റിഗ്ഗുകൾ വാങ്ങുന്നതിന് ടെൻഡർ വിളിച്ചത് എന്നായിരുന്നു;

(ബി) ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ നൽകി കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കുറഞ്ഞവിലക്ക് റിഗ്ഗുകൾ നൽകാൻ സമ്മതിച്ചിരുന്ന കരാറുകാരൻ ആരായിരുന്നു;

(ഡി) ഇയാൾക്കാണോ റിഗ്ഗുകൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ നൽകിയത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രണ്ടാമത്തെ കരാറുകാരന് കരാർ നൽകുന്നതിന് ശ്രമം നടക്കുന്നതായി അറിവുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(എഫ്)പ്രസ്തുത കരാറുകാരൻ ടെൻഡർ ഫാറത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നോ;

(ജി) കൂടുതൽ തുക ക്വാട്ടുചെയ്തതും ടെൻഡർ ഫോറത്തിൽ ഒപ്പിടുകപോലും ചെയ്തിട്ടില്ലാത്തതുമായ ആളിനു കരാർ ഉറപ്പിച്ചു നൽകുന്നതിന് നടക്കുന്ന നീക്കം സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയാറാകുമോ?

ഉത്തരം

(എ) 24.12.1998 ൽ.

(ബി) ടെൻഡർ നടപടികൾ പൂർത്തിയാക്കി, രണ്ടു റോട്ടറി റിഗ്ഗുകൾ വാങ്ങിയിട്ടുണ്ട്. പത്ത് ഡി.റ്റി.എച്ച്. റിഗ്ഗുകൾ വാങ്ങാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

(സി)&(ഡി) ഏറ്റവും കുറഞ്ഞ വിലയ്ക്ക് രണ്ടു റോട്ടറി റിഗ്ഗുകൾ നൽകാൻ സമ്മതിച്ച കരാറുകാരൻ ഗുജറാത്തിലെ മെഹ്സാനയിലുള്ള ജെ. വി.എം എൻജിനീയറിംഗ് എന്ന കമ്പനിയായിരുന്നു. അതിനാൽ പ്രസ്തുത കമ്പനിയാണ് കരാർ നൽകിയത്. 10 ഡി.ടി.എച്ച്. റിഗ്ഗുകൾക്ക് കരാർ അനുവദിച്ചു നൽകിയിട്ടില്ല.

(ഇ) 10 ഡി.ടി.എച്ച്. റിഗ്ഗു വാങ്ങുന്നതിന് ഇതുവരെ കരാർ നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറിന്റെയും, ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റിയുടെയും പരിഗണനയ്ക്ക് ശേഷമേ ഉചിതമായ നടപടി സ്വീകരിക്കുകയുള്ളൂ.

(എഫ്)ഡി.ടി.എച്ച്. റിഗ്ഗുകൾക്കുവേണ്ടി ക്വാട്ട് ചെയ്ത എല്ലാ കരാറുകാരും ടെൻഡർ ഫോറത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നു. എന്നാൽ ഡി.ടി.എച്ച്. റിഗ്ഗുകൾക്കാവശ്യമായ എയർ കംബ്രസറിന്റെ ഏറ്റവും കുറഞ്ഞ തുക ക്വാട്ടു ചെയ്ത കരാറുകാരൻ ടെൻഡർ ഫോറത്തിന്റെ ഒന്നാമത്തെ പേജിൽ ഒപ്പിട്ടുണ്ടായിരുന്നില്ല. ബാക്കി എല്ലാ ഫോറത്തിലും ഒപ്പിട്ടിട്ടുണ്ട്.

(ജി) ഗവൺമെന്റിന്റെ പരിഗണനയിലുള്ള ടെൻഡറിൽ ഡി.ടി.എച്ച്. റിഗ്ഗിനു എല്ലാ കരാറുകാരും ഒപ്പിട്ടിട്ടുണ്ട്. കംബ്രസറിന് ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത കരാറുകാരൻ ഒന്നാം പേജിൽ ഒപ്പിട്ടിട്ടില്ല. വിലമാത്രമല്ല ഗുണനിലവാരവും ടെൻഡറിന്റെ പൂർണ്ണതയും കണക്കാക്കി വിദഗ്ദ്ധ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

ആരാഞ്ഞശേഷം ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു മാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

64 (2755) ട്രക്കുകൾ വാങ്ങിയ നടപടി

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവകുപ്പിൽ റിഗ്ഗുകൾ വാങ്ങിയിട്ടില്ലെങ്കിലും അവ പിടിപ്പിക്കുന്നതിന് 10 ട്രക്കുകൾ വാങ്ങുകയുണ്ടായോ; എങ്കിൽ എന്നാണ് ഇവ വാങ്ങിയത്;

(ബി) ഈ ട്രക്കുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രക്കുകളുടെ ഷാസികൾ വകുപ്പിന്റെ കൊല്ലത്തുള്ള കേന്ദ്രകലവറയിൽ മഴ നനഞ്ഞു തുരുമ്പെടുത്തുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റിഗ്ഗുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാകുന്നതിന് വളരെ മുമ്പേ തന്നെ ട്രക്കുകൾ വാങ്ങിയതിനുള്ള കാരണമെന്താണ്;

(ഇ) ഇക്കാര്യത്തിൽ നിലനിൽക്കുന്ന ദുരൂഹത നീക്കുന്നതിന് ഉന്നതതലത്തിൽ ഒരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10 ഡിസ്മാന്റിലിംഗ് ടൈപ്പ് റിഗ്ഗുകൾ പിടിപ്പിക്കുന്നതിനാവശ്യമായ 10 ട്രക്ക് ചേസിസുകൾക്ക് 12.1.1999-ൽ ഓർഡർ നൽകുകയും 24.2.1999 -ൽ അവ വകുപ്പിന്റെ കൊല്ലത്തുള്ള സെൻട്രൽ സ്റ്റോറിൽ എത്തിച്ചേരുകയും ചെയ്തു.

(ബി) ഈ ട്രക്കുകൾ കൊല്ലത്തുള്ള ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്.

(സി) ഇല്ല. തുരുമ്പെടുക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) റിഗ്ഗുകൾ വാങ്ങുന്നതിനുള്ള ടെൻഡർ വിളിക്കുമ്പോൾ അതിലെ ഒരു നിബന്ധന ഡിപ്പാർട്ടുമെന്റ് നൽകുന്ന ചേസിസുകളിൽ അവ ഘടിപ്പിച്ചു നൽകണമെന്നതായിരുന്നു. ഇതനുസരിച്ച് റിഗ്ഗുകൾക്കും കംപ്രസറുകൾക്കും ഓർഡർ നൽകുന്നതിനു മുമ്പുതന്നെ ട്രക്കു ചേസിസുകൾക്കുള്ള ഓർഡർ കേന്ദ്രഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ് (ഡി.ജി.എസ്. ആന്റ് ഡി.)യുടെ നിലവിലുള്ള റേറ്റ് കോൺട്രാക്ട് പ്രകാരം നൽകി. കംപ്രസറുകളും റിഗ്ഗുകളും വാങ്ങാനുള്ള ടെൻഡറുകൾ 12.3.1999ൽ കൂടിയ ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി പരിശോധിച്ചുവെങ്കിലും ടെൻഡറുകളിലെ ചില അപാകതകൾ കാരണം തീരുമാനമെടുത്തില്ല. ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടില്ലാത്തതിനാലാണ് റിഗ്ഗുകൾ വാങ്ങാൻ കാലതാമസം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly